**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5382** **21-07-2022 - ൽ മറുപടിയ്ക്ക്**

**പരപ്പയിൽ ഓട്ടോമാറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വെള്ളരിക്കുണ്ട് പരപ്പയിൽ ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കും ടെസ്റ്റിംഗ് സ്റ്റേഷനും സ്ഥാപിക്കുന്നതിനായി വെള്ളരിക്കുണ്ട് വില്ലേജിൽ റീസർവ്വെ നമ്പർ 155 പാർട്ടിൽപ്പെട്ട 1.3558 ഹെക്ടർ (3.35 ഏക്കർ) ഭൂമി മോട്ടോർ വാഹന വകുപ്പിന്, നിബന്ധനകൾക്ക് വിധേയമായി, അനുവദിച്ചിട്ടുണ്ട്. സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കൂടാതെ, പ്ലാൻ ഫണ്ട് വിനിയോഗിച്ചുകൊണ്ട്, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ, നിലവിൽ ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷൻ/ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്ക് എന്നിവ ഇല്ലാത്ത സ്ഥലങ്ങളിൽ ആയത് സ്ഥാപിക്കുന്നതിനുള്ള, ഗതാഗത കമ്മീഷണറുടെ, പ്രൊപോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. പ്രസ്തുത പ്രൊപ്പോസലിൽ, വെള്ളരിക്കുണ്ടിൽ ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശവും ഉൾപ്പെട്ടിട്ടുണ്ട്. |
| (ബി) | ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭൂമി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) | ഓട്ടോമേറ്റഡ് ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കും ടെസ്റ്റിംഗ് സ്റ്റേഷനും സ്ഥാപിക്കുന്നതിനായി വെള്ളരിക്കുണ്ട് വില്ലേജിൽ റീസർവ്വെ നമ്പർ 155 പാർട്ടിൽപ്പെട്ട 1.3558 ഹെക്ടർ (3.35 ഏക്കർ) ഭൂമി മോട്ടോർ വാഹന വകുപ്പിന്, നിബന്ധനകൾക്ക് വിധേയമായി, അനുവദിച്ചിട്ടുണ്ട്. സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കൂടാതെ, പ്ലാൻ ഫണ്ട് വിനിയോഗിച്ചുകൊണ്ട്, പൊതു സ്വകാര്യ പങ്കാളിത്തത്തോടെ, നിലവിൽ ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷൻ/ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്ക് എന്നിവ ഇല്ലാത്ത സ്ഥലങ്ങളിൽ ആയത് സ്ഥാപിക്കുന്നതിനുള്ള, ഗതാഗത കമ്മീഷണറുടെ, പ്രൊപോസൽ സർക്കാർ പരിശോധിച്ചുവരികയാണ്. പ്രസ്തുത പ്രൊപ്പോസലിൽ, വെള്ളരിക്കുണ്ടിൽ |

| | | | |
|---|---|---|---|
| | | | ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശവും ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ